# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 822</u> — <u>25.07.2012-ൽ മറുപടിക്ക്</u>

## <u>ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. വി.ഡി.സതീശൻ :<br>,, കെ.അച്ചുതൻ :<br>,, ഐ.സി.ബാലകൃഷ്ണൻ :<br>,, ഡൊമിനിക് പ്രസന്റേഷൻ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ തുടങ്ങിയ സ്വകാര്യ സ്ഥാപനങ്ങളുടെ മേൽ വ്യക്തമായ നിയന്ത്രണം രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) ഇതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;<br>(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ? | <u>(സി) & (ഡി) :</u><br>സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിലേക്കായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ തയ്യാറാക്കി നിയമ വകുപ്പിന്റെ പരിശോധനയ്ക്ക് വിട്ടിരിക്കുകയാണ്. ടി വകുപ്പിന്റെ ഉപദേശം കിട്ടുന്ന മുറയ്ക്ക് ബിൽ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ